സ്റ്റെപ്പപ്പം മുല്ലപ്പെരിയാറും (കഥ)
രചന: സുനിൽ എം എസ്, മൂത്തകുന്നം

(രണ്ടായിരത്തിലേറെ പദങ്ങളുള്ള രചന; സമയമുള്ളപ്പോൾ മാത്രം വായിയ്ക്കുക.)

ഓളത്തിൽപ്പെട്ട വഞ്ചിയെപ്പോലെ ആടിയുലഞ്ഞ്, കെഎസ്ആർടിസി ലിമിറ്റഡ് സ്റ്റോപ്പ് ബസ്സ് ജെട്ടി സ്റ്റാന്റിലേയ്ക്കിറങ്ങിച്ചെന്നു നിന്നു. ആളുകൾ തിരക്കിട്ടിറങ്ങി. അവരിറങ്ങിയ ശേഷം ബിഗ്‌ഷോപ്പറുമായി ഞാനെഴുന്നേറ്റു. ബിഗ്‌ഷോപ്പറിന്റെ ഭാരം ചെറുതൊന്നുമല്ല. പതിനെട്ടു കിലോയിൽക്കുറയില്ല. ഇരുപതു കിലോയുമാകാം. ഞാൻ സീറ്റുകളുടെ ഇടയിലൂടെ, മെല്ലെ, മുൻ വശത്തെ വാതിലിലേയ്ക്കു നടന്നു. തുറന്നുകിടന്നിരുന്ന വാതിലിലൂടെ സൂക്ഷിച്ചിറങ്ങി. പിന്നാലെ സുമയും.

ഇറങ്ങിയയുടൻ സുമയുടെ വാഗ്ദാനം വന്നു, “ഞാനുങ്കൂടിപ്പിടിയ്ക്കാം.”

പതിനെട്ടു കിലോ ഒന്നോ രണ്ടോ തവണയെടുത്തു പൊക്കാൻ എനിയ്ക്കു ബുദ്ധിമുട്ടില്ല. അതിനേക്കാൾ ഭാരക്കൂടുതലുള്ള ബാറും വെയ്റ്റുകളും അനായാസം എടുത്തുയർത്തിയിട്ടുള്ളതാണ്. പക്ഷേ, ബിഗ്‌ഷോപ്പറിലുള്ള പതിനെട്ടു കിലോ ഒരു കൈകൊണ്ടു തൂക്കിപ്പിടിച്ച് തിരക്കുള്ള റോഡിലൂടെ അരക്കിലോമീറ്റർ നടക്കുന്നതു സന്തോഷം തരുന്ന കാര്യമല്ല. അതുകൊണ്ട് അവളെക്കൊണ്ടുകൂടി ബിഗ്‌ഷോപ്പറിന്റെ ഒരറ്റത്തു പിടിപ്പിയ്ക്കണമെന്നായിരുന്നു, എന്റേയും ആഗ്രഹം. ഒത്തുപിടിച്ചാൽ മലയും പോരും!

പക്ഷേ, ഒരു കുഴപ്പം. ബിഗ്‌ഷോപ്പറിന്റെ പിടിയ്ക്കു വീതി കുറവ്. ഒരാൾക്കു മാത്രം പിടിയ്ക്കാനുള്ള വീതിയേ അതിനുള്ളൂ. പിടിയുടെ അഗ്രങ്ങൾ തുണിയ്ക്കുള്ളിലായതു മൂലം, അവിടെയൊന്നും പിടിയ്ക്കാനാവില്ല.

ബസ്സ്റ്റാന്റിൽ നിന്നു മെയിൻ റോഡിലേയ്ക്കുള്ള കയറ്റത്തിൽ മുഴച്ചു നിൽക്കുന്ന പാറക്കല്ലുകളിൽത്തട്ടി മൂക്കു കുത്തിവീഴാതിരിയ്ക്കാൻ ശ്രദ്ധിച്ചുകൊണ്ടു നടക്കുന്നതിനിടയിൽ ഞാനവളുടെ വാഗ്ദാനം കേട്ടതായിപ്പോലും ഭാവിച്ചില്ല. എന്റെ പരിഭവം അവൾ മനസ്സിലാക്കട്ടെ.

റോഡു ക്രോസ്സു ചെയ്യണം. വാഹനങ്ങളുടെ തിരക്കു തന്നെ. പല ലെയ്നുകളായി വരുന്ന വാഹനങ്ങളുടെ ഒഴുക്കല്പം കുറയാനായി കാത്തുനിന്നു. കൈയിലീ ഭാരിച്ച വസ്തുവില്ലായിരുന്നെങ്കിൽ, ഇതിനകം വാഹനങ്ങളുടെ ഇടയിലൂടെ ഊളിയിട്ട് അപ്പുറത്തെത്തുമായിരുന്നു.

ഇവിടെയൊരു സീബ്രാ ക്രോസിംഗ് വേണം. പക്ഷേ, സീബ്രാക്രോസിംഗ് വകവയ്ക്കാതെ ഇരച്ചുപോകുന്ന വാഹനങ്ങൾക്കും നമ്മുടെ നാട്ടിൽ കുറവില്ല. സീബ്രാക്രോസിംഗിലൂടെ നടക്കുന്നവരെ ശകാരിച്ചുകൊണ്ടു പോകുന്ന ഡ്രൈവർമാരുമുണ്ടിവിടെ.

ഞാനും സുമയും കൂടി റോഡു ക്രോസ്സു ചെയ്യാനുള്ള അവസരം കാത്തുനിൽക്കെ, എവിടുന്നോ ഒരു പോലീസ് കോൺസ്റ്റബിൾ പ്രത്യക്ഷപ്പെട്ടു. പത്തു കല്പനകളെന്ന ഇംഗ്ലീഷ് സിനിമയിൽ ചാൾട്ടൻ ഹെസ്റ്റണിന്റെ മോസസ് ചെങ്കടൽ പിളർന്നു വഴിയൊരുക്കിയ രംഗത്തെ ഓർമ്മിപ്പിയ്ക്കുമാറ്, ഭീഷണമാം വിധം ഇരച്ചുവന്ന വാഹനങ്ങളെ കോൺസ്റ്റബിൾ തടുത്തു നിറുത്തി. ഞങ്ങൾ തിടുക്കപ്പെട്ടു റോഡിന്റെ പകുതി കടന്നു. വീണ്ടും കോൺസ്റ്റബിൾ വന്ന് മറുപകുതിയിലെ ഗതാഗതവും ഞങ്ങൾക്കായി തടഞ്ഞുനിറുത്തിത്തന്നു.

ഫുട്പാത്തിലേയ്ക്കു കയറി, ബിഗ്‌ഷോപ്പർ നിലത്തുവച്ചു കാത്തു നിന്നു. ഒരോട്ടോ കിട്ടിയാൽ സൗകര്യമായി. ഓടിപ്പോകുന്ന ഓട്ടോകൾക്കു നേരേ ആശയോടെ നോക്കി.

ആദ്യം വന്ന ഓട്ടോകളിൽ യാത്രക്കാരുണ്ടായിരുന്നു. അധികം താമസിയാതെ ഒഴിഞ്ഞ ഒരോട്ടോയെത്തി. ഞാൻ കൈ കാണിച്ചപ്പോൾ അതു നിൽക്കുകയും ചെയ്തു. പക്ഷേ, പോകേണ്ട സ്ഥലം പറഞ്ഞപ്പോൾ

ഒന്നു മിണ്ടുക പോലും ചെയ്യാതെ ഓട്ടോക്കാരൻ വണ്ടി വിട്ടുപൊയ്ക്കളഞ്ഞു.

“അതു പൊയ്ക്കളഞ്ഞതെന്താ?” സുമ ചോദിച്ചു.

“ഓട്ടോയ്ക്കു പോകാനുള്ള ദൂരമില്ല. മിനിമം ചാർജിനോടാൻ താല്പര്യമുണ്ടാവില്ല.”

“എവിടേണീ ആശുപത്രി?”

“ദാ, അവിടം മുതൽ ആശുപത്രിവളപ്പാണ്.” അല്പമകലെ തുടങ്ങുന്ന ആശുപത്രിമതിൽ ചൂണ്ടിക്കൊണ്ടു ഞാൻ പറഞ്ഞു. “എൻട്രി അപ്പുറത്തെ റോഡിൽ നിന്നാ. ഈ സാധനമില്ലായിരുന്നെങ്കിൽ, മൂന്നു മിനിറ്റു കൊണ്ടു നടന്നെത്താനുള്ള ദൂരമേയുള്ളൂ. ഇത്രേം ദൂരത്തേയ്ക്കു മാത്രായി ഇവിടത്തെ ഒറ്റ ഓട്ടോക്കാരനും വരില്ല.”

എന്റെ ശബ്ദത്തിൽ അല്പം പാരുഷ്യം കലർന്നിരുന്നു. അതവൾ മനസ്സിലാക്കിയിട്ടുമുണ്ടാകും. അവൾ മുന്നോട്ടാഞ്ഞ്, ബിഗ്‌ഷോപ്പർ തൂക്കിയെടുത്തു നടക്കാൻ തുടങ്ങി. ഏതാനും ചുവടു വച്ചപ്പോഴേയ്ക്ക് കൈ കഴച്ചുകാണണം. അവൾ ബിഗ്‌ഷോപ്പർ നിലത്തു വച്ചു.

“നിന്നെക്കൊണ്ടതു് എടുക്കാൻ പറ്റില്ല.”

ദേഷ്യം മാത്രമല്ല, പരിഹാസവും എന്റെ ശബ്ദത്തിൽ കലർന്നിരുന്നു. കുറേ നാൾ മുമ്പു നോക്കിയപ്പോൾ അവളുടെ തൂക്കം അമ്പതു കിലോയേക്കാൾ അല്പം മാത്രം കൂടുതലായിരുന്നു. എന്റെ മൂഡു നന്നായിരിയ്ക്കുമ്പോൾ ഞാനവളെ അനായാസേന കൈകളിലെടുത്തുയർത്താറുണ്ട്. ആകെ അമ്പതു കിലോ മാത്രം തൂക്കമുള്ള അവൾക്കെങ്ങനെ പതിനെട്ടു കിലോ ഭാരം ഉയർത്താനാകും!

ഞാൻ വീണ്ടും ബിഗ്‌ഷോപ്പറെടുത്തു നടക്കാൻ തുടങ്ങി. ബിഗ്‌ഷോപ്പറിനുള്ളിലെ പൊതിയലുകളും ചരടുകളുമെല്ലാം ചേർന്ന് അതിനു പതിനെട്ടല്ല, ഇരുപതു കിലോ തികച്ചുമുണ്ടാകാം. അതിനകത്തെ മുഖ്യവസ്തുവായ സ്റ്റെപ്പപ് ട്രാൻസ്ഫോർമറിനുള്ളിലെ ചെമ്പുകമ്പിയ്ക്കു മാത്രമുണ്ട്, പതിനെട്ടു കിലോ.

നടക്കുന്നതിനിടെ അതിന്റെ ചരിത്രമല്പം പറയാം. ഈ സ്റ്റെപ്പപ്പ് ട്രാൻസ്ഫോർമർ ഒരു പുരാവസ്തുവാണെന്നു വേണം പറയാൻ. പണ്ട്, ഞാനാദ്യമായി ടീവി വാങ്ങിയ കാലത്ത് അയല്പക്കങ്ങളിലെവിടേയും ടീവിയുണ്ടായിരുന്നില്ല. നീളമുള്ള സ്റ്റീൽ പൈപ്പിന്റെ മുകളിൽ ഘടിപ്പിച്ചിരിയ്ക്കുന്ന വലിയ ആന്റെന പുരപ്പുറത്തു നാട്ടി, അതിനെ പല ദിശകളിലുള്ള സ്റ്റേ വയറുകൾ വഴി ഉറപ്പിച്ചു നിറുത്തി, ആകെയുണ്ടായിരുന്ന ദൂരദർശൻ ചാനൽ ട്യൂൺ ചെയ്തു തന്ന ശേഷം ടീവിക്കടയിൽ നിന്നു വന്നിരുന്ന ഇലക്ട്രീഷ്യൻ തിരികെപ്പോയി.

അധികം താമസിയാതെ സന്ധ്യയായി. ലൈറ്റുകളിടാൻ തുടങ്ങിയപ്പോൾ ടീവി ഓഫായി. വോൾട്ടേജ് സ്റ്റെബിലൈസറിലെ പച്ച വെളിച്ചത്തിനു പകരം ചുവന്നതു തെളിഞ്ഞു. ടീവി പ്രവർത്തിയ്ക്കാൻ മതിയായ വോൾട്ടേജില്ല!

ശരിയാണ്; അക്കാലത്തു നേരമേറെച്ചെന്നു മാത്രമേ ട്യൂബ്‌ലൈറ്റു തെളിഞ്ഞിരുന്നുള്ളൂ; മിക്ക ദിവസങ്ങളിലും ഒമ്പതു മണിയാകും.

കണ്ണുതുറക്കാതിരിയ്ക്കുന്ന പുത്തൻ ടീവിയുടെ മുന്നിൽ ആകാംക്ഷയോടെ, ആർത്തിയോടെ, അക്ഷമയോടെ ഞങ്ങളിരുന്നു. അക്കൂട്ടത്തിൽ അയൽക്കാരുമുണ്ടായിരുന്നു.

വോൾട്ടേജുയർന്ന്, ടീവി തെളിഞ്ഞപ്പോഴേയ്ക്ക് ഒമ്പതു മണി കഴിഞ്ഞിരുന്നു.

പിറ്റേന്നും തഥൈവ! സന്ധ്യയ്ക്കു ശേഷമുള്ള ഏകദേശം മൂന്നു മണിക്കൂർ ടീവി സുഷുപ്തിയിലായിരിയ്ക്കും.

ഇങ്ങനെ പോയാൽപ്പറ്റില്ല. പരിപാടികൾ മുഴുവനും കാണാനായില്ലെങ്കിൽ ടീവിയുണ്ടായിട്ടു കാര്യമില്ല.

ടീവിക്കടയിൽ പരാതി ബോധിപ്പിച്ചു. ഒരു സായാഹ്നത്തിൽ ഇലക്ട്രീഷ്യൻ വന്നു വോൾട്ടേജളന്നു നോക്കി. മതിയായ വോൾട്ടേജില്ല. ടീവിയുടെ ഭാഗത്തു കുറ്റമില്ല. കുറ്റം ഇലക്ട്രിസിറ്റി ബോർഡിന്റേതാണ്.

അവരൊരു പോംവഴി പറഞ്ഞു തന്നു: ഒരു സ്റ്റെപ്പപ്പു വാങ്ങുക.

സ്റ്റെപ്പപ്പോ!

അതെ, സ്റ്റെപ്പപ്പ് ട്രാൻസ്ഫോർമർ. വോൾട്ടേജുള്ളപ്പോൾ സ്റ്റെപ്പപ്പിന്റെ സഹായമില്ലാതെ തന്നെ ടീവി പ്രവർത്തിച്ചോളും. വോൾട്ടേജിന്റെ കുറവു കാരണം ടീവി കണ്ണടയ്ക്കുമ്പോൾ സ്റ്റെപ്പപ്പുപയോഗിച്ചു വോൾട്ടേജു കൂട്ടിക്കൊടുക്കുക. അപ്പോൾ ടീവി പ്രവർത്തിച്ചോളും. ഒരു കാര്യം മാത്രം ശ്രദ്ധിയ്ക്കണം: ലൈനിൽ വോൾട്ടേജുയരുമ്പോൾ ട്രാൻസ്ഫോർമർ ന്യൂട്ടറിലിടണം.

ശരി. ഈ സാധനം എവിടെക്കിട്ടും?

അതുണ്ടാക്കിക്കേണ്ടി വരും.

വിദഗ്ദ്ധനായ ഒരിലക്ട്രീഷ്യനെ ചെന്നു കണ്ടു. അദ്ദേഹത്തിന്റെ ഉപദേശമിതായിരുന്നു: കൂടുതൽ പണം മുടക്കിയാൽ, കൂടുതൽ ചെമ്പു കമ്പി ഉപയോഗിയ്ക്കാം. കൂടുതൽ ചെമ്പു കമ്പി ഉപയോഗിച്ചിട്ടുള്ള സ്റ്റെപ്പപ്പ് ട്രാൻസ്ഫോർമർ കൂടുതൽ കാര്യക്ഷമമായിരിയ്ക്കും. കുറേക്കാലം നിലനിൽക്കും. ടീവിയ്ക്കും നന്ന്.

ആകെ എന്താവും? ശങ്കയോടെ ചോദിച്ചു.

തുക കേട്ടു നടുങ്ങി.

എന്റെ നടുക്കം കണ്ട് ഇലക്ട്രീഷ്യൻ വിശദീകരിച്ചു: ഇതൊരു നിക്ഷേപമായി കണക്കാക്കിയാൽ മതി. ചെമ്പു കമ്പിയുടെ വില കൂടിക്കൊണ്ടിരിയ്ക്കും. എന്നെങ്കിലും വിൽക്കുന്നെങ്കിൽ അന്ന് ഇന്നത്തേതിന്റെ പല മടങ്ങു വില കിട്ടും. മാത്രമല്ല, വോൾട്ടേജു കുറഞ്ഞ സമയങ്ങളിൽ ഒരു ടീവിയോടൊപ്പം അത്യാവശ്യമുള്ള മറ്റു പല ഉപകരണങ്ങൾ കൂടി ഇതുപയോഗിച്ചു പ്രവർത്തിപ്പിയ്ക്കാൻ പറ്റും.

എന്തെങ്കിലുമാകട്ടെ, ടീവിപ്പരിപാടികൾ കണ്ടേ തീരൂ. ടീവി കനിയുന്നതും കാത്ത് അതിന്റെ മുന്നിൽ അയൽക്കാരോടൊപ്പം കുത്തിയിരിയ്ക്കേണ്ടി വരുന്നതു നാണക്കേടുമാണ്.

വിദഗ്ദ്ധനായ ഇലക്ട്രീഷ്യന്റെ ഉപദേശം സ്വീകരിച്ചു. അങ്ങനെ, കൂടുതൽ പണം മുടക്കി, അദ്ദേഹത്തെക്കൊണ്ടുണ്ടാക്കിച്ചതാണ് ഈ ബിഗ്ഷോപ്പറിനകത്തുള്ള സ്റ്റെപ്പപ്പ്.

പതിനെട്ടു കിലോ ചെമ്പു കമ്പി ഇതിലുപയോഗിച്ചിട്ടുണ്ടെന്ന സാക്ഷ്യപ്പെടുത്തലോടെയാണ് ഇലക്ട്രീഷ്യൻ സ്റ്റെപ്പപ്പ് എനിയ്ക്കു കൈമാറിയത്. വോൾട്ടേജു കുറഞ്ഞ്, ടീവി കണ്ണടച്ചപ്പോളെല്ലാം, സ്റ്റെപ്പപ്പു ചാർജെടുത്തു. പിന്നീടൊരു കാലത്തും ടീവി കണ്ണടച്ചിട്ടില്ല.

ഒരു പതിറ്റാണ്ടിലേറെക്കാലം സ്റ്റെപ്പപ്പു വിശ്വസ്തസേവനം നൽകി. അതിനിടയിൽ, കെഎസ്ഈബിക്കാർ എന്റെ വീടിനടുത്ത്, മെയിൻ റോഡിൽ, ഒരു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചു. അതോടെ, ട്യൂബ്ലൈറ്റിന് സമയഭേദമെന്യേ തെളിയാനായി. സ്റ്റെപ്പപ്പു ന്യൂട്ടറിൽക്കിടന്നപ്പോഴും ടീവി കണ്ണുചിമ്മാതെ പ്രവർത്തിച്ചു. വോൾട്ടേജുകുറവെന്ന പ്രശ്നത്തിനു സ്ഥിരപരിഹാരമായി.

സ്റ്റെപ്പപ്പിന്റെ ആവശ്യം ഇനിയില്ലെന്നു മനസ്സിലായപ്പോൾ, അതൂരിയെടുത്ത്, ഒരു മൂലയിൽ വച്ചു. കുറേക്കാലം കഴിഞ്ഞ്, മുറിയ്ക്കകത്തു തിരക്കു കൂടിയപ്പോൾ, കക്ഷിയെ വിറകുപുരയിലേയ്ക്കു തള്ളി. എങ്കിലും അതിനെ ഭദ്രമായി സൂക്ഷിച്ചുവച്ചു. വിലപ്പെട്ട നിക്ഷേപം: പതിനെട്ടു കിലോ ചെമ്പുകമ്പി. സ്റ്റെപ്പപ്പുണ്ടാക്കിത്തന്ന ഇലക്ട്രീഷ്യന്റെ പ്രവചനം ശരിയായിരുന്നു. ചെമ്പുവില കൂടിക്കൊണ്ടിരുന്നു.

വലിയൊരു പീറച്ചാക്കു തോളത്തിട്ടുകൊണ്ട് ഒരുദിവസമൊരു തമിഴത്തി വന്നു കയറി. കറുത്തു മെലിഞ്ഞൊരു പെണ്ണ്. അവളുടെ ശോഷിച്ച രൂപത്തേക്കാൾ വലിയ സ്വരം. ഉച്ചത്തിൽ സംസാരിയ്ക്കുന്നവരെ എനിയ്ക്കു പൊതുവിലിഷ്ടമല്ല. തന്നെയുമല്ല, തരം കിട്ടിയാൽ ഇക്കൂട്ടർ എന്തെങ്കിലുമൊക്കെ കടത്തിക്കൊണ്ടു പൊയ്ക്കളയും. മൂന്നും നാലും പേരടങ്ങിയൊരു കൂട്ടം അപ്പുറത്തുകൂടിയും ഇപ്പുറത്തുകൂടിയും കടക്കും. കാണുന്നതെല്ലാം തരം കിട്ടിയാൽ ചാക്കിലാക്കുകയും ചെയ്യും. അവർ പൊയ്ക്കഴിഞ്ഞ ശേഷമായിരിയ്ക്കും “അയ്യോ, അതു കാണാനില്ല, ഇതു കാണാനില്ല” എന്നുള്ള വിലാപമുയരാറ്.

ഈ തമിഴത്തി വന്നതു കൂട്ടത്തോടെയല്ല, തനിച്ചായിരുന്നു. എങ്കിലും, അവളെ ഭയന്ന്, പുറകിലെ അരമതിലിൽ സുമ തേച്ചുമിനുക്കി വച്ചിരുന്ന ഓട്ടുകിണ്ടിയെടുത്ത് അകത്തുവയ്ക്കാൻ ഞാൻ പറഞ്ഞു. സുമയതു ശ്രദ്ധിച്ചതേയില്ല. തമിഴത്തിയുടെ വരവു പതിവായപ്പോൾ ഞാൻ തന്നെ ഓട്ടുകിണ്ടിയെടുത്ത് അകത്തു വച്ചു. പക്ഷേ, അടുത്ത നിമിഷമത് അരമതിലിന്മേൽ വീണ്ടും പ്രത്യക്ഷപ്പെട്ടു. അരമതിലിന്മേൽ ഓട്ടുകിണ്ടിയിരിയ്ക്കുന്നത് ‘ഐശ്വര്യ’മാണത്രേ! പിതാക്കളുടെ സ്പർശമുള്ള ഓട്ടുകിണ്ടിയാകുമ്പോൾ പ്രത്യേകിച്ചും.

എന്തായാലും, ഇതുവരെ ഓട്ടുകിണ്ടി തമിഴത്തിയുടെ പീറച്ചാക്കിനകത്തു കയറിയൊളിച്ചിട്ടില്ല. അതെങ്ങാൻ കാണാതായാൽ നിന്നെ ഞാൻ സൂപ്പാക്കും, തീർച്ച, എന്നു ഞാനവളെ, സുമയെ, പല തവണ ഭീഷണിപ്പെടുത്തിയിട്ടുണ്ട്. എന്റെ പല ഭീഷണികളേയും പോലെ ഇതും അവൾ കണക്കിലെടുത്തിട്ടില്ല.

പഴയതെന്തും വാങ്ങാൻ ഈ തമിഴത്തി തയ്യാർ. പ്ലാസ്റ്റിക്കിന്റെ എല്ലാ സാധനങ്ങളും അവളെടുത്തോളും: കുപ്പികൾ, കിറ്റ്, പാൽപ്പാക്കറ്റുകൾ പോലും!

പ്ലാസ്റ്റിക്കിന്റെ കടന്നു കയറ്റം മൂലം സഹികെട്ടിരുന്ന സുമയ്ക്കു സന്തോഷമായി. പ്ലാസ്റ്റിക്കു കത്തിച്ചു കളയാൻ പറ്റില്ല; പുക അസഹനീയം. മണ്ണിൽ കുഴിച്ചിടാനും പറ്റില്ല. പ്ലാസ്റ്റിക്കാകട്ടെ, ദിവസേന വിവിധ ആകൃതികളിൽ വന്നു കയറിക്കൊണ്ടുമിരിയ്ക്കുന്നു. ഇങ്ങനെപോയാലിതെന്തു ചെയ്യും! അതായിരുന്നു, പുരയേയും പുരയിടത്തേയും മാലിന്യമുക്തമാക്കി സൂക്ഷിയ്ക്കാൻ തത്രപ്പെട്ടിരുന്ന സുമയുടെ വേവലാതി. അവളങ്ങനെ വേവലാതി പൂണ്ടിരിയ്ക്കെയാണ് ഈ തമിഴത്തിയുടെ വരവ്. തേടിയ വള്ളി തന്നെ കാലിൽച്ചുറ്റി!

ഗായത്രി - അതായിരുന്നു, തമിഴത്തിയുടെ പേര്. പല തവണകളായി പ്ലാസ്റ്റിക്ക് ശേഖരം മുഴുവൻ അവൾ കൊണ്ടുപോയിത്തീർത്തു. വിറകുപുരയിൽ ഒരു കാലത്തുണ്ടായിരുന്ന മാലിന്യക്കൂമ്പാരമകന്ന്, സ്വീകരണമുറി പോലെ വൃത്തിയുള്ളതായി. പ്ലാസ്റ്റിക്ക്മാലിന്യത്തെ അകറ്റാനായപ്പോൾ സുമയ്ക്ക് ആശ്വാസമായി. ഈരണ്ടു മാസം കൂടുമ്പോ വരിക, സുമ നിർദ്ദേശം കൊടുത്തു.

പ്ലാസ്റ്റിക്കു മാത്രമല്ല, സ്റ്റീലും ഇരുമ്പും പിച്ചളയും അലൂമിനിയവുമെല്ലാം ഗായത്രി എടുത്തോളും. പത്രക്കടലാസും പഴയ നോട്ടുബുക്കുകളുമെല്ലാം. അവളുടെ കൈയിലൊരു ത്രാസ്സുണ്ട്. തൂക്കിപ്പിടിയ്ക്കുന്നൊരു സ്പ്രിംഗ് ത്രാസ്സ്. അതു കള്ളത്രാസ്സാണെന്നു ഞാൻ കണ്ടുപിടിച്ചു. ഒരു ഷീറ്റു പത്രക്കടലാസ്സിന്റെ തൂക്കം പത്തു ഗ്രാമാണ്. നൂറു ഷീറ്റു കൂടിയാൽ ഒരു കിലോ തൂക്കമുണ്ടാകണം. നൂറു ഷീറ്റെടുത്തുകൊടുത്ത്, അതു തൂക്കിക്കാണിയ്ക്കാൻ ഞാനാവശ്യപ്പെട്ടു. തമിഴത്തിയുടെ ത്രാസ്സു കാണിച്ചതു മുന്നൂറു ഗ്രാം മാത്രം! കൃത്യം മൂന്നിലൊന്ന്! തമിഴത്തിയുടെ ത്രാസ്സു തനി തട്ടിപ്പു തന്നെ!

പക്ഷേ, സുമയ്ക്ക് എന്റെ കണക്കിലുള്ളതിനേക്കാളേറെ വിശ്വാസം തമിഴത്തിയുടെ കള്ളത്രാസ്സിലായിരുന്നു. കള്ളത്രാസ്സുപയോഗിച്ച് തമിഴത്തി സുമയെ പതിവായി പറ്റിച്ചു. ഞാനതു സുമയെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു. ഒരിയ്ക്കൽ ഞാൻ തമിഴത്തിയെ ശകാരിയ്ക്കുക പോലും ചെയ്തു: ഈ തട്ടിപ്പുമായി മേലിലിങ്ങോട്ടു വന്നേയ്ക്കരുത്!

എന്റെ താക്കീതിനു സുമ പുല്ലുവില കല്പിച്ചില്ല. "ഓ, പിന്നേ! ഈ പത്രക്കടലാസു വിറ്റ കാശും കൊണ്ടല്ലേ, നമ്മളു ജീവിയ്ക്കാൻ പോണത്. അതിറ്റേള് എങ്ങനേങ്കിലും ജീവിച്ചോട്ടേ, ചേട്ടാ."

തമിഴത്തിയുടെ എല്ലുന്തിയ ദേഹവും കുണ്ടിലിറങ്ങിയ കണ്ണുകളുമാണ് സുമയെ അലട്ടുന്നത്. എന്നോടു കടുത്ത നിലപാടെടുക്കാറുള്ള ആൾ പട്ടിണിയും പരിവട്ടവും കണ്ട് മഞ്ഞുരുകും പോലെ ഉരുകാൻ തുടങ്ങും. അതാണു സുമയുടെ കുഴപ്പം. ഞാനടുത്തില്ലെങ്കിൽ, എന്തൊക്കെയാണവൾ എടുത്തു കൊടുത്തുകളയുകയെന്നറിയില്ല! തമിഴരുടെ ദാരിദ്ര്യം നീക്കാൻ അതിസമ്പന്നയായ ജയലളിതയ്ക്കു പോലുമായിട്ടില്ല. പിന്നെ കഷ്ടി ജീവിച്ചുപോകുന്ന നമുക്കതെങ്ങനെ സാധിയ്ക്കും? ഇതൊന്നും സുമയുടെ തലയിൽക്കയറില്ല.

എന്റെ ശകാരം ചേമ്പിലയിൽ വീണ വെള്ളം പോലെ തമിഴത്തിയെ 'ഏശി'യതേയില്ല. ഒന്നും സംഭവിച്ചിട്ടില്ലാത്തതു പോലെ ഗായത്രി പിന്നേയും വന്നു. എന്റെ താക്കീതു വക വയ്ക്കാതെ സുമ പഴയ സാധനങ്ങൾ ഗായത്രിയ്ക്കു പെറുക്കിക്കൊടുക്കുന്ന പതിവു തുടരുകയും ചെയ്തു. തമിഴത്തിയുടെ കള്ളത്രാസ്സിനെ അവളതേപടി അംഗീകരിച്ചു. ഞാൻ തെളിയിച്ചുകൊടുത്ത ശാസ്ത്രസത്യങ്ങളെ അവളവഗണിച്ചു!

ഒരു ദിവസം തമിഴത്തി വന്നപ്പോൾ ഞാനും വീട്ടിലുണ്ടായിരുന്നു. സുമ വന്നെന്നോടു ചോദിച്ചു, "ചേട്ടാ, ആ സാധനം കൊടുക്കുമോന്ന് അവളു ചോദിയ്ക്കുണ്ണ്ടല്ലോ."

വിറകുപുരയിലെ സ്ലാബിന്റെ മൂലയ്ക്കു ഭദ്രമായിരുന്നിരുന്ന സ്റ്റെപ്പപ്പ് ട്രാൻസ്ഫോർമറിനെയാണു സുമ 'ആ സാധന'മെന്നുദ്ദേശിച്ചത്. "നാലായിരം രൂപ," ഞാൻ പറഞ്ഞു.

വിശ്വാസം വരാതെ സുമ എന്നെ നോക്കി.

വിലകേട്ടപ്പോൾ തമിഴത്തി മൂക്കത്തു വിരൽ വച്ചു; "എന്നാ സാർ! നാലായിരം രൂപായാ?"

ഞാൻ കണക്കുകൂട്ടിക്കാണിച്ചുകൊടുത്തു. ഒന്നാംതരം ചെമ്പു കമ്പി ഒന്നും രണ്ടും കിലോയല്ല, പതിനെട്ടു കിലോയാണ് അതിനകത്തുള്ളത്. അതൊന്നു പൊക്കിനോക്ക്. അപ്പഴറിയാം അതിന്റെ ഭാരം. ഒരു കിലോ ചെമ്പു കമ്പിയുടെ ഇപ്പോഴത്തെ കമ്പോളവില മുന്നൂറു രൂപ. പതിനെട്ട് ഗുണം മുന്നൂറ്: അയ്യായിരത്തിനാനൂറ്. ആയിരത്തിനാനൂറു രൂപ വേണ്ടെന്നു വയ്ക്കാം. ഇരുപത്തഞ്ചു ശതമാനം ഡിസ്കൗണ്ട്. നാലായിരമിങ്ങെടുത്തോ. സാധനം കൊണ്ടുപൊക്കോ.

തലയ്ക്കു കൈ കൊടുത്തുകൊണ്ടു തമിഴത്തി സ്ഥലം വിട്ടു. നാലായിരം പോയിട്ട്, നാനൂറു രൂപ പോലും അവളുടെ പക്കലുണ്ടായിരുന്നു കാണില്ല.

തമിഴത്തി പൊയ്ക്കഴിഞ്ഞപ്പോൾ സുമ പരിഹസിച്ചു: "ഒരു പത്തഞ്ഞൂറു രൂപേക്കൂടുതലൊന്നും അതിനു കിട്ടില്ല. നാലായിരം രൂപേയ്!"

"നിനക്കറിയാമ്പാടില്ലാഞ്ഞിട്ടാ." ഞാൻ പത്രത്തിൽ ചെമ്പിന്റെ വില കാണിച്ചുകൊടുത്തു. എന്റെ കണക്കു കിറുകൃത്യം. സുമ നിശ്ശബ്ദയായി.

ഗായത്രി പിന്നേയും പല തവണ വന്നു. ചെമ്പ് എത്രമാത്രം വിലപ്പെട്ടതെന്ന് അവൾക്കും അവളെ

അയച്ചവർക്കും മനസ്സിലായിക്കാണണം. ഞാനുള്ളപ്പോഴെല്ലാം അവൾ ചോദിച്ചു, "അതു കൊടുക്കുമാ, സാർ?" ഒരിക്കലവൾ ക്വൊട്ടേഷൻ നൂറു രൂപ കൂട്ടി: "അറുനൂറു രൂപാ തരലാം."

മണിച്ചിത്രത്താഴ് സ്റ്റൈലിൽ ഞാൻ പറയും: "തരമാട്ടേ. ഉനക്കു വേണമാ? നാലായിരം രൂപായ് കൊടുങ്കോ."

"എന്ന സാർ, ഇപ്പടി?" തമിഴത്തി ദൈന്യത നടിക്കും. ആ ദൈന്യതയൊക്കെ കള്ളത്തരമായിരിക്കുമെന്നു ഞാൻ സുമയോടു പറയും. എന്നാലും സുമ തമിഴത്തിയെയാണു പിന്തുണയ്ക്കാറ്. തമിഴത്തികളെല്ലാം മോഷ്ടാക്കളാണെന്നു ഞാൻ പറഞ്ഞിരുന്നെങ്കിലും, ഈ തമിഴത്തി ഇക്കാലമത്രയും ഒരു സാധനം പോലും ചോദിക്കാതെ എടുത്തിട്ടില്ല; അതാണു സുമയുടെ വാദം.

ഗായത്രി മോഷണം നടത്തിയിട്ടില്ലെന്നതു ശരി തന്നെ. പക്ഷേ, ത്രുക്കത്തിലുള്ള വെട്ടിപ്പ് എങ്ങനെ വെട്ടിപ്പല്ലാതാകും? സുമ പൊതുവിൽ ബുദ്ധിമോശങ്ങൾ കാണിക്കാറില്ലെങ്കിലും, ചില നേരത്ത് അവൾക്കു സാമാന്യബുദ്ധിപോലുമില്ലെന്നു തോന്നിപ്പോകും.

സ്റ്റെപ്പപ്പിനു വേണ്ടി തമിഴത്തിയുടെ ആവർത്തിച്ചുള്ള യാചന മൂലം സഹികെട്ട് ഒരു ദിവസം ഞാൻ പറഞ്ഞു: "നിനക്കു ഞാനതു ഫ്രീയായി തന്നേക്കാം." തമിഴത്തിയുടെ കുഴിയിലാണ്ട കണ്ണുകൾ വിടർന്നു. "ഒറ്റക്കണ്ടീഷൻ. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടു പണിയാനുള്ള സമ്മതപത്രം ജയലളിതാ അമ്മാവെക്കൊണ്ട് ഒപ്പിടീച്ചു തരണം. മുടിയുമാ?"

തമിഴത്തി കണ്ണു മിഴിച്ചു നിന്നു. സുമയും.

"എന്നാ സാർ..." തമിഴത്തി. ദൈന്യഭാവം.

ജയലളിതാമ്മയുടെ സമ്മതപത്രം കൊണ്ടുവരാൻ ഗായത്രിക്കായില്ല. സ്റ്റെപ്പപ്പിനുള്ള അവളുടെ ക്വൊട്ടേഷൻ അറുനൂറു രൂപയിൽ നിന്നുയർന്നില്ല. എന്റേത് നാലായിരത്തിൽ നിന്നു താഴ്ന്നുമില്ല. സ്റ്റെപ്പപ്പു വിറകുപുരയുടെ മൂലയിൽത്തന്നെ സുഖവാസം തുടർന്നു.

ഒരു ദിവസം തമിഴത്തി പൊയ്ക്കഴിഞ്ഞ് സുമ രോഷത്തോടെ ചോദിച്ചു, "ഇപ്പറയുന്നതു വല്ലതും അതിനു കിട്ടോ?" എല്ലുപോലത്തെ തമിഴത്തിയോടുള്ള ആർദ്രതയൊന്നും എന്നോടു സംസാരിക്കുമ്പോൾ അവൾക്കില്ല.

"മോട്ടോർ റീവൈന്റിംഗ് കടക്കരറിഞ്ഞാലതു റാഞ്ചിക്കൊണ്ടുപോകും."

"ഇത്രേം കാലത്തിനെടയ്ക്ക് ആരും റാഞ്ചാൻ വന്നു കണ്ടില്ലല്ലോ." അവൾ പരിഹസിച്ചു.

"നാലായിരം രൂപേക്കുറച്ചു കൊടുക്കാൻ പറ്റില്ല."

"പിന്നേ. ആ നാലായിരം കിട്ടീട്ടു വേണം നമ്മുടെ കൊട്ടാരംപണി തീർക്കാൻ!" അവളുടെ മൂഡു മോശമായിരുന്നു. "തിന്നേമില്ല, തീറ്റിക്കേമില്ല. അങ്ങനേം ചെല മനുഷ്യര് ണ്ട്. ചേട്ടനങ്ങനാവണേലാ എനിയ്ക്കു സങ്കടം."

"എടീ, അവളൊക്കെ പീറച്ചാക്കു കാണിച്ച്, നിന്നെപ്പോലുള്ളവരെ പറ്റിച്ച് ലക്ഷക്കണക്കിനു രൂപ ഓരോ കൊല്ലോം ഉണ്ടാക്കണ്ണ്ടാകും. ഇവരൊക്കെച്ചെലപ്പോ കോടിപതികളായിരിക്കും. നിനക്കറിയില്ല."

"അതേയതേ! അവളെക്കണ്ടാത്തന്നെ അറിയാം, കോടിപതിയാണെന്ന്!" അവൾ ദേഷ്യത്തോടെ അപ്പുറത്തേക്കു പോയി.

ഞാനൊന്നും മിണ്ടിയില്ല. സുമ പറഞ്ഞതിലും കാര്യമുണ്ട്. ലക്ഷവും കോടിയുമൊന്നും തമിഴത്തിയുടെ ശരീരത്തിൽ കാണാനില്ല.

എങ്കിലും, ഞാനൊരു ദൃഢനിശ്ചയമെടുത്തു. മോട്ടോർ റീവൈന്റിംഗ് നടത്തുന്നവരെ തേടിക്കണ്ടുപിടിയ്ക്കണം. സ്റ്റെപ്പപ്പ് നാലായിരം രൂപയ്ക്കു വിറ്റു കാണിച്ചിട്ടു ബാക്കി കാര്യം!

ഞാൻ ദൃഢനിശ്ചയമെടുത്തെങ്കിലും അതിന്റെ നടപ്പാക്കൽ ചില സർക്കാരുപദ്ധതികളെപ്പോലെ നീണ്ടുനീണ്ടുപോയി. തിരക്കുപിടിച്ച ജീവിതത്തിനിടയിൽ മോട്ടോർ റീവൈന്റിംഗുകാരെ അന്വേഷിച്ചുനടക്കാൻ നേരമെവിടുന്ന്!

കാര്യങ്ങളങ്ങനെയിരിയ്ക്കെ, ഇതാ, ഇന്നലെ, വൈകുന്നേരമാകാറായപ്പോൾ പുറത്തുനിന്നൊരു വിളി: “ചേച്ചീ, പ്ലാസ്റ്റിക്ക്, ഇരുമ്പ്, പിച്ചള., അലൂമിനിയം...”

ഞായറാഴ്ചയായതുകൊണ്ടു ഞാൻ വീട്ടിലുണ്ടായിരുന്നു. പരിചയമില്ലാത്ത ശബ്ദം. ഞാൻ വാതിൽ തുറന്നപ്പോഴേയ്ക്കു സുമയുമെത്തി.

ഗായത്രിയെപ്പോലെ കറുത്തു ശോഷിച്ച രണ്ടു സ്ത്രീകൾ. കണ്ടാലറിയാം, തമിഴത്തികൾ തന്നെ. രണ്ടുപേരേയും ഇതിനു മുമ്പു കണ്ടിട്ടില്ല. ഇരുവരുടേയും തോളത്തു പീറച്ചാക്കുകളുണ്ട്. ഗായത്രി അവരോടൊപ്പമില്ല.

“ഗായത്രി എവിടെപ്പോയി,” സുമ ആരാഞ്ഞു.

തമിഴത്തികളിലൊരാൾ ആവേശത്തോടെ പറഞ്ഞു, “അവളുക്ക് ആക്സിഡന്റാച്ച്. കണ്ടെയിനറു മുട്ടി. തല പൊട്ടി. കൈയൊടിഞ്ച്.” മറ്റേ തമിഴത്തി കൂട്ടിച്ചേർത്തു, “ചോരേല്ലു കുളിച്ച് കെടന്ന്.”

സുമ ഷോക്കേറ്റു നിന്നു.

“കഥ കഴിഞ്ഞോ ഇല്ലയോ? അതു പറയ്!” ഞാനിടയിൽക്കയറി ചോദിച്ചു.

സുമയെന്നെ രൂക്ഷമായി നോക്കി. പക്ഷേ, അറിയേണ്ട വിവരം അറിയണമെങ്കിൽ ചോദിയ്ക്കേണ്ട ചോദ്യം തന്നെ ചോദിയ്ക്കണ്ടേ!

അവർക്കറിയാവുന്നത് ഇത്ര മാത്രം: ചോരയിൽക്കുളിച്ചുകിടന്ന ഗായത്രിയെ ആരൊക്കെയോ ചേർന്ന് താലൂക്കാശുപത്രിയിൽ കൊണ്ടുപോയി. തലയ്ക്കു പരിക്കുള്ളതുകൊണ്ട് ജില്ലാശുപത്രിയിലേയ്ക്കു കൊണ്ടുപൊയ്ക്കോളാൻ പറഞ്ഞു. ജില്ലാശുപത്രിയിലെത്തിച്ചയുടൻ ഓപ്പറേഷൻ നടന്നു.

“രക്ഷപ്പെടില്ലേ?” സുമ ഉദ്വേഗത്തോടെ ചോദിച്ചു.

തമിഴത്തികൾ മേല്പോട്ടു കൈയുയർത്തി: “കടവുൾ തുണൈ.” പിന്നീടുള്ള വിവരമൊന്നും അവർക്കു കിട്ടിയിട്ടില്ല എന്നർത്ഥം.

ഇവിടുത്തെ സാധനങ്ങൾ ഗായത്രിയ്ക്കാണു കൊടുക്കാറ് എന്നു പറഞ്ഞു സുമ തമിഴത്തികളെ മടക്കിയയച്ചു. അവർ പോയ ഉടൻ അവളെന്നോടു കയർത്തു: “അതന്നു തന്നെയങ്ങ് കൊടുത്താ മതിയായിരുന്നു. മനുഷ്യർക്ക് ഇങ്ങനത്തെ അത്യാർത്തി പാടില്ല!”

ഗായത്രി സ്റ്റെപ്പപ്പിനു വേണ്ടി പല തവണ യാചിച്ചിട്ടുള്ളതാണ്. അതവൾക്കു കൊടുക്കേണ്ടതായിരുന്നു

എന്നാണു സുമ അർത്ഥമാക്കിയത്. അറുനൂറു രൂപയ്ക്കെങ്ങനെയതു കൊടുക്കും! നടപ്പില്ല.

“നാളെ ഞാനതും കൊണ്ട് ആശുപത്രീപ്പോണ.” അവൾ പ്രഖ്യാപിച്ചു.

“സ്റ്റെപ്പപ്പും കൊണ്ടോ?” ഞാനാശ്ചര്യത്തോടെ ചോദിച്ചു.

“നാളെക്കാലത്തു തന്നെ ഞാനതു കൊണ്ടെക്കൊടുക്കും. അവൾക്കെന്തെങ്കിലും സംഭവിയ്ക്കണേനു മുമ്പ് അതെത്തിച്ചു കൊടുക്കണം.”

ഇത്തവണ എനിയ്ക്കാണു ഷോക്കേറ്റത്.

സുമം എന്റെ കൂടെയല്ലാതെ പുറത്തിറങ്ങാറില്ല. ജില്ലാശുപത്രിയിലേയ്ക്ക് മുപ്പത്തഞ്ചു കിലോമീറ്ററിലേറെ ദൂരമുണ്ട്. രണ്ടു ബസ്സിൽ മാറിക്കയറേണ്ടി വന്നേയ്ക്കാം. പ്രവൃത്തിദിനമായതുകൊണ്ട് ബസ്സുകളിൽ ശ്വാസം മുട്ടിയ്ക്കുന്ന തിരക്കുമുണ്ടാകും. അതിനിടയിൽ അവളെങ്ങനെ ഒറ്റയ്ക്കു പോകും! അതും, ഈ പതിനെട്ടുകിലോ ഭാരവും തൂക്കിപ്പിടിച്ച്.

“നീയെന്തു മണ്ടത്തരമാണിപ്പറയണത്! തമിഴത്തി രക്ഷപ്പെട്ടാൽ ഇവിടെ വരും. നിന്നെപ്പറ്റിച്ചാണല്ലോ അവളു ജീവിയ്ക്കണത്. അവളു വരാതിരിയ്ക്കില്ല.” ഞാൻ വൈമനസ്യത്തോടെ തുടർന്നു: “അവളു വരുമ്പൊ എടുത്തു കൊടുത്തോ. അല്ലാതെ പ്രായശ്ചിത്തം പോലെ അതും ചുമന്ന്, മുപ്പതു നാൽപ്പതു കിലോമീറ്റർ യാത്ര ചെയ്ത് ആശുപത്രീല് കൊണ്ടുപോയിക്കൊടുക്കേണ്ട കാര്യമെന്താള്ളത്?”

“നാളെക്കാലത്ത് ഒമ്പതു മണിയ്ക്കു ഞാനിറങ്ങും.” അവൾ തറപ്പിച്ചു പറഞ്ഞു. വിശദീകരണത്തിനൊന്നും അവൾ മിനക്കെടാറില്ല.

ഡിപ്പാർച്ചർ ടൈം പോലും അനൗൺസു ചെയ്തിരിയ്ക്കുന്ന നിലയ്ക്ക് അതു ഭീഷണി മാത്രമാവില്ലെന്നു തോന്നി. മാത്രവുമല്ല, അവൾ വിറകുപുരയിൽപ്പോയി സ്റ്റെപ്പപ്പെടുത്ത്, പുറകിലെ വരാന്തയിൽ കൊണ്ടു വന്നു വച്ച് തുടച്ചു വൃത്തിയാക്കാനും തുടങ്ങി.

വിറകുപുരയിൽ നിന്നു വരാന്തയിലേയ്ക്കുള്ള ഹ്രസ്വദൂരം പോലും അവൾ ചുമന്നു കഷ്ടപ്പെട്ടാണു തരണം ചെയ്തത്. ഭാരക്കൂടുതൽ കാരണം സ്റ്റെപ്പപ്പ് ഇടയ്ക്ക് രണ്ടിടത്തു വയ്ക്കുകയും ചെയ്തു. അങ്ങനെയുള്ളയാൾക്ക്, അതുംകൊണ്ടു മുപ്പത്തഞ്ചു കിലോമീറ്ററെങ്ങനെ തനിച്ചു പോകാനാകും?

നാളെ ഇവിടത്തെ ബസ്സ്റ്റോപ്പു വരെ ഞാനെത്തിച്ചുകൊടുക്കുമെന്നു വയ്ക്കാം. പക്ഷേ, പിന്നീടുള്ള യാത്രയോ? അതും തിരക്കുള്ള ബസ്സിൽ? അതു കഴിഞ്ഞ്, ജെട്ടിയിൽ നിന്ന് ആശുപത്രിയിലേയ്ക്കുള്ള നടപ്പോ?

തന്നെയുമല്ല, തമിഴത്തി ജീവനോടിരിപ്പുണ്ടെന്ന് എന്താണുറപ്പ്? സ്വതവേ എല്ലുപോലെ ശോഷിച്ച പെണ്ണ്. കണ്ടെയിനറിടിച്ച്, തല പൊളിയുകയും കൈയൊടിയുകയും ചെയ്തിരിയ്ക്കുന്ന നിലയ്ക്ക് അവളുടെ കഥ കഴിഞ്ഞുകാണാനാണു വഴി? അവൾ ചത്തുപോയിട്ടുണ്ടെങ്കിൽ സ്റ്റെപ്പപ്പും കൊണ്ടുള്ള പോക്കു വൃഥാവിലാകും. അതു ചുമന്നുകൊണ്ടുതന്നെ തിരിച്ചും യാത്രചെയ്യേണ്ടി വരും.

ഇതും ഇതിലപ്പുറവും പറഞ്ഞു ഞാൻ സുമയെ പിന്തിരിപ്പിയ്ക്കാൻ നോക്കി. അവൾ മിക്കപ്പോഴും എന്റെ തീരുമാനങ്ങളാണനുസരിയ്ക്കാറ്. എന്നാൽ, വിരളമായെങ്കിലും അവൾ സ്വന്തമായ തീരുമാനങ്ങളെടുക്കാറുണ്ട്. അവൾ തീരുമാനങ്ങളെടുത്തുപോയാൽ കടുകിട വ്യത്യാസമില്ലാതെ അവ നടപ്പാക്കിയിരിയ്ക്കും. അവളുടെ മേനി മൃദുലമാണെങ്കിലും അവളുടെ തീരുമാനങ്ങൾ പാറ പോലെ കടുത്തതാകാറുണ്ട്.

കല്യാണസൗഗന്ധികമന്വേഷിച്ചു നടന്ന ഭീമന്റെ വഴി മുടക്കിക്കിടന്നിരുന്ന വൃദ്ധവാനരന്റെ വാല്

എടുത്തുമാറ്റാൻ അതിശക്തനായിട്ടും ഭീമനു കഴിഞ്ഞില്ല. അതുപോലെ, അവളുടെ തൂക്കം അമ്പതു കിലോ മാത്രമേയുള്ളെങ്കിലും, അവളുടെ ഈയൊരു തീരുമാനത്തെ ഇളക്കാൻ, അവളുമായി താരതമ്യം ചെയ്യുമ്പോൾ അതിശക്തനായ എനിയ്ക്കായില്ല.

എന്റെ നിരുത്സാഹപ്പെടുത്തലുകളെയെല്ലാം അവൾ തള്ളിക്കളഞ്ഞു. ഗായത്രി ജീവനോടിരിപ്പുണ്ടെങ്കിലും ശരി, ഇല്ലെങ്കിലും ശരി, ഇതവിടെ, ആശുപത്രിയിലെത്തിച്ചിട്ടു ബാക്കി കാര്യം! ദൃഢപ്രതിജ്ഞയായിരുന്നു, അവളുടേത്. ഞാൻ നിസ്സഹായനായി നോക്കിനിന്നു.

തുടച്ചു വൃത്തിയാക്കിയ സ്റ്റെപ്പപ്പ് അവൾ കടലാസ്സിൽപ്പൊതിഞ്ഞു. ബിഗ്‌ഷോപ്പർ കൊണ്ടുവന്ന് തുറന്നുപിടിച്ചുകൊണ്ട് പട്ടാളക്കമാൻഡറെപ്പോലെ അവൾ ഉത്തരവിട്ടു, “അതെടുത്ത് ഇതിലിറക്കി വയ്ക്ക്.”

അവളുടെ ഒരുക്കങ്ങൾ കണ്ടപ്പോൾ പ്രഖ്യാപനം അവൾ നടപ്പാക്കുക തന്നെ ചെയ്യും എന്നെനിയ്ക്കുറപ്പായി.

പാരാവാരം പോലുള്ള നഗരത്തിലേയ്ക്ക് അവളെ തനിച്ചു വിട്ടാലെങ്ങനെ ശരിയാകും? കുഴപ്പങ്ങൾ പലതുമുണ്ടാകാം. വഴി തെറ്റിപ്പോകാം. ബസ്സിലുരുണ്ടു വീഴാം. പേഴ്‌സു മോഷണം പോകാം. വഴിയിൽക്കുടുങ്ങിയെന്നു വരാം.

ഇല്ല, അതു ശരിയാവില്ല.

ലീവെടുക്കുന്ന പതിവെനിയ്ക്കില്ല. ലീവെടുക്കുന്നത് പൊതുവിലെനിയ്ക്കിഷ്ടവുമല്ല. എങ്കിലും, ഞാൻ ഡീജീഎമ്മിനെ വിളിച്ച്, ഒരു ദിവസത്തെ ലീവു വേണമെന്നു പറഞ്ഞു.

“ഉം?” ഡീജീഎം ഒരു മൂളലിലൂടെ ചോദ്യമുയർത്തി.

“വൈഫിനേയും കൊണ്ട് ജില്ലാശുപത്രിയിൽപ്പോകാനുണ്ട്.”

“എന്തുപറ്റി?”

“ഒരു പേഷ്യന്റിനെക്കാണാൻ.”

“പേഷ്യന്റാരാ?“

ഒരു ബന്ധവുമില്ലാത്ത, ആക്രിക്കച്ചവടക്കാരിയായൊരു തമിഴത്തിയാണു പേഷ്യന്റെന്നു പറഞ്ഞിരുന്നെങ്കിൽ ‘തന്റെ വൈഫിന് ആക്രിക്കച്ചവടക്കാരി തമിഴത്തിയുമായി എന്തു ബന്ധം’ എന്ന ചോദ്യം വന്നേനേ. സമൂഹത്തിന്റെ താഴേക്കിടയിലുള്ളവരോടുള്ള അനുകമ്പയെന്നു പറഞ്ഞാൽ, ഡീജീഎമ്മിനു മനസ്സിലാകാനിടയില്ല.

ഞാൻ പറഞ്ഞു, “ആൻ ഇന്റിമെറ്റ് ഫ്രെന്റ് ഓഫ് മൈ വൈഫ്.”

ഭാഗ്യത്തിനു ഡീജീഎം കൂടുതലൊന്നും ചോദിച്ചില്ല. ലീവനുവദിയ്ക്കുകയും ചെയ്തു.

അങ്ങനെ, ആക്രിക്കച്ചവടക്കാരിയായ തമിഴത്തിയ്ക്കു സംഭാവന ചെയ്യാൻ വേണ്ടി അയ്യായിരത്തിനാനൂറു രൂപ വിലവരുന്ന സ്റ്റെപ്പപ്പും ചുമന്നുകൊണ്ടു മുപ്പത്തഞ്ചു കിലോമീറ്റർ ദൂരം താണ്ടിയ യാത്രയാണിത്. ‘വട്ടല്ലാതെന്താ’ എന്നേ ആരും ചോദിയ്ക്കൂ! ഭാര്യയ്ക്കു വട്ടായാൽ പാവം ഭർത്താവെന്തു ചെയ്യും!

എന്റെ ഈ ഫ്ലാഷ്ബാക്ക് ചിന്തകൾക്കിടയിൽ, ഞങ്ങൾ ബിഗ്‌ഷോപ്പറും ചുമന്ന്, ഫുട്പാത്തിലൂടെ അടിവച്ചടിവച്ച്, ജില്ലാ ആശുപത്രിയുടെ കവാടത്തിലെത്തിക്കഴിഞ്ഞിരുന്നു. ഗേറ്റു മലർക്കെ

തുറന്നിട്ടിരിയ്ക്കുന്നു. ആളുകൾ തിരക്കിട്ട് അകത്തേയ്ക്കും പുറത്തേയ്ക്കും പൊയ്ക്കൊണ്ടിരിയ്ക്കുന്നു.

ഒരു വരാന്തയിൽ ആദ്യം കണ്ട ബെഞ്ചിനു മുമ്പിൽ ബിഗ്ഷോപ്പർ വച്ച് ഞാനതിലിരുന്നു. വിയർപ്പിന്റെ അണപൊട്ടി. സുമ ടവ്വലയെടുത്ത് എന്റെ മുഖവും കഴുത്തും തുടച്ചുതരാനൊരുങ്ങി. ഞാൻ മുഖം വീർപ്പിച്ചിരുന്നു. ഇത്രയധികം പാടുപെടുത്തിയ ശേഷം അവളുടെയൊരു സ്നേഹപ്രകടനം!

കയറിയിരുന്ന ബസ്സിൽ നല്ല തിരക്കായിരുന്നു. ഭാഗ്യത്തിന്, ഇടയ്ക്കു വച്ച് എനിയ്ക്കൊരു സീറ്റു കിട്ടിയിരുന്നു. സുമ ബസ്സിന്റെ മുൻഭാഗത്തായിരുന്നു. അവൾക്കു സീറ്റു കിട്ടിയിരുന്നേയില്ല. മുപ്പത്തഞ്ചു കിലോമീറ്ററും അവൾ നിന്നു യാത്ര ചെയ്താണു വന്നത്. ബസ്സുയാത്ര ദിവസേന ചെയ്യുന്നതായതുകൊണ്ട് ബസ്സിലെ തിരക്ക് എനിയ്ക്കു സുപരിചിതമായിരുന്നു. പക്ഷേ, യാത്രചെയ്തു ശീലമില്ലാത്ത അവൾക്കൊരു തളർച്ചയുമില്ല. അവൾ പറഞ്ഞു, “എഴുന്നേൽക്ക്. പോയി നോക്കാം.” ഗായത്രിയ്ക്കു വേണ്ടിയുള്ള തിരച്ചിൽ തുടങ്ങാൻ അവൾക്കു ധൃതിയായി.

അവളുടെ തളർച്ചക്കുറവിന്റെ കാരണവും ഞാൻ തന്നെ കണ്ടെത്തി. ബിഗ്ഷോപ്പർ എന്റെ പിടലിയിലായിരുന്നല്ലോ ഇരുന്നിരുന്നത്. അതു സ്വയം ചുമന്നിരുന്നെങ്കിൽ അവൾ വിവരമറിഞ്ഞേനേ!

മുന്നിൽ, നിലത്തിരിയ്ക്കുന്ന ബിഗ്ഷോപ്പറിനെ നോക്കിക്കൊണ്ടു ഞാനാലോചിച്ചു. ഗായത്രി ജീവനോടിരിപ്പുണ്ടെങ്കിൽ അയ്യായിരത്തിനാനൂറു രൂപ നഷ്ടമായതു തന്നെ. അവൾ മരിച്ചുപോയിട്ടുണ്ടെങ്കിൽ ആ നഷ്ടം ഒഴിവാകും.

എന്റെ ചിന്തയുടെ പോക്ക് ഏതു ദിശയിലേയ്ക്കെന്നു വായിച്ചെടുത്തതുകൊണ്ടായിരിയ്ക്കണം, സുമ ടവ്വല കൊണ്ട് എന്നെ പ്രഹരിച്ചു. വീശിയതുമാകാം. “എഴുന്നേൽക്ക്.”

ഔട്ട് പേഷ്യന്റ് വിഭാഗത്തിന്റെ മുന്നിൽ ആൾക്കൂട്ടം. അതു മുഴുവനും രോഗികളായിരിയ്ക്കും. എല്ലാത്തരം രോഗങ്ങളും അവർക്കുണ്ടാകും. അവർക്കിടയിൽപ്പെട്ടാൽ, അവർക്കുള്ള രോഗങ്ങൾ നമ്മിലേയ്ക്കും പടരും. നാമും ആശുപത്രിയിലായതു തന്നെ. “ആ കൂട്ടത്തിനിടയിലേയ്ക്കു പോകണ്ട”, ഞാൻ സുമയ്ക്കു മുന്നറിയിപ്പു നൽകി.

എന്റെ മുന്നറിയിപ്പു വകവയ്ക്കാതെ സുമ അവർക്കിടയിലേയ്ക്കു നുഴഞ്ഞുകയറി. ഗത്യന്തരമില്ലാതെ ഞാനും അവളുടെ പിന്നാലെ കൂടി.

‘അന്വേഷണം’ എന്ന കൗണ്ടർ കണ്ടെത്തി. അതിന്റെ മുന്നിലും തിരക്കു തന്നെ. ആൾക്കൂട്ടത്തിൽ നിന്നു കഴിയുന്നത്രയകന്ന ഒരിടത്തു ഞാൻ സുമയെ നിറുത്തി. ബിഗ്ഷോപ്പർ അവളുടെ തൊട്ടടുത്ത്, ചുമരിനോടു ചേർത്തു വച്ചു. തിരക്കിട്ടു നടക്കുന്നവർ അതിൽ തട്ടിത്തടഞ്ഞുവീണു പരിക്കു പറ്റരുതല്ലോ! അല്പസമയം വേണ്ടി വന്നു, ‘അന്വേഷണം’ എന്നെഴുതിവച്ചിരിയ്ക്കുന്ന ജനൽക്കലെത്താൻ.

“ഗായത്രിയോ?” കൗണ്ടറിലിരുന്ന ജീവനക്കാരി കമ്പ്യൂട്ടർകീബോർഡിൽ വിരലുകളോടിച്ചു. “ആ പേരിൽ പലരുമുണ്ട്. പക്ഷേ, അവരിലാർക്കും തലയിൽ സർജറി നടന്നിട്ടില്ല.”

“തമിഴ്നാട്ടുകാരിയാണ്.”

“തമിഴ്നാട്ടിൽ നിന്നുള്ള ഗായത്രി ഇവിടില്ല.” അവർ തീർത്തുപറഞ്ഞു.

“സർജറി നടത്തിയിട്ടുള്ളതുകൊണ്ട് ഐസിയുവിലുണ്ടായിരിയ്ക്കുമോ?”

ഇന്റൻസീവ് കെയർ യൂണിറ്റിലുള്ളവരുടെ വിവരങ്ങളും കമ്പ്യൂട്ടറിലുണ്ട്. ഇല്ല, ഐസിയുവിലും ഗായത്രിയില്ല. അവർ പറഞ്ഞു.

അല്പം അധൈര്യത്തോടെ ഞാൻ ചോദിച്ചു, “ഗായത്രി എന്നൊരു സ്ത്രീ ഇന്നലെയോ മറ്റോ മരണമടഞ്ഞിട്ടില്ലല്ലോ?”

അവരുടെ സ്വരം കടുത്തു: “അടുത്ത ദിവസങ്ങളിലൊന്നും ഇവിടാരും മരിച്ചിട്ടില്ല.”

ഞാൻ സുമയോടു വിവരങ്ങൾ പറഞ്ഞപ്പോഴാണ് അവൾ പറയുന്നത്, ഗായത്രിയുടെ ശരിയായ പേരിന് എന്തോ ചില വ്യത്യാസമുണ്ടെന്ന്.

പേരു കൃത്യമല്ലെങ്കിൽ കമ്പ്യൂട്ടറിൽക്കാണില്ല. തമിഴിൽ ഗ എന്ന അക്ഷരമില്ല. ഗായത്രി തമിഴിൽ കായത്രിയായിരിയ്ക്കാം. കായത്രിയോ കായിയോ കാത്രിയോ ഒക്കെയുമാകാം. ഇവരുടെയൊക്കെ കൃത്യമായ പേരുകളെന്തെല്ലാമെന്ന് ആർക്കറിയാം!

രോഗിണിയുടെ പേരറിയില്ല, വാർഡറിയില്ല. വാർഡുകളാണെങ്കിൽ പാരാവാരം പോലെ നീണ്ടുപരന്നു കിടക്കുകയും ചെയ്യുന്നു. സകലയിടങ്ങളിലും ജനത്തിരക്കു തന്നെ. തമിഴത്തിയ്ക്കു വേണ്ടിയുള്ള തിരച്ചിൽ പൊടിപൊടിയ്ക്കുന്ന മട്ടുണ്ട്!

ഞങ്ങൾ ബിഗ്ഷോപ്പറുമെടുത്തുകൊണ്ട് വനിതാവാർഡുകളിലേയ്ക്കു ചെന്നു. വനിതാവാർഡുകളവിടെ കുറേയേറെയുണ്ട്. ഭാഗ്യത്തിന് വഴിമദ്ധ്യേ ആരും ഞങ്ങളെ തടഞ്ഞുനിറുത്തിയില്ല. ആർക്കും എപ്പോഴും എവിടേയും കയറിച്ചെല്ലാവുന്ന അവസ്ഥ. അതെന്തായാലും നന്നായി. പാസ്സും മറ്റും വേണമെന്ന നിബന്ധനയുണ്ടായിരുന്നെങ്കിൽ, ഞങ്ങൾക്കു പുറത്തു നിൽക്കേണ്ടി വരുമായിരുന്നു. ബന്ധുക്കളല്ലാത്തവർക്കെങ്ങനെ പാസ്സു കിട്ടും!

ആദ്യം കണ്ട വാർഡിലെ നഴ്സിംഗ് കൗണ്ടറിൽ ചോദിച്ചു. ഈ വാർഡിലൊരു ഗായത്രിയുണ്ടോ? തലയിൽ സർജറിനടത്തിയ, കൈയൊടിഞ്ഞ ഗായത്രി? തമിഴ്നാട്ടുകാരി?

പല വാർഡുകളിലും ചെന്ന് ചോദ്യങ്ങളാവർത്തിച്ചു. ചോദിച്ചതെല്ലാം അവളായിരുന്നു, സുമ. പക്ഷേ, അന്വേഷണങ്ങളെല്ലാം വിഫലമായി.

ഞങ്ങൾ ആദ്യമിരുന്നിരുന്ന ബെഞ്ചിനടുത്തേയ്ക്കു തിരികെച്ചെന്നു. സുമയുടെ മുഖത്തു നിരാശ. അയ്യായിരത്തിനാനൂറു രൂപയുടെ സ്റ്റെപ്പപ്പു സുരക്ഷിതമായി എന്റെ കൂടെത്തന്നെയുള്ളതുകൊണ്ട് എനിയ്ക്കു നിരാശ തീരെയുണ്ടായില്ല.

ബെഞ്ചിൽ സീറ്റൊഴിവുണ്ടായിരുന്നില്ല. ബിഗ്ഷോപ്പർ വരാന്തയിൽ വച്ച്, വരാന്തയിൽച്ചാരി ഞങ്ങൾ മുറ്റത്തു നിന്നു.

അര മുക്കാൽ മണിക്കൂറോളം ഞങ്ങളങ്ങനെ നിന്നു കാണും. പെട്ടെന്ന്, ആരേയോ കണ്ട് സുമ മുന്നോട്ടോടി. അല്പമകലെ കാന്റീന്റെ മുന്നിൽ നിന്നിരുന്നൊരു സ്ത്രീയെക്കണ്ടാണ് അവളോടിച്ചെന്നത്. ഒരു തമിഴത്തിയുടെ മട്ടുണ്ടായിരുന്നു, ആ സ്ത്രീയ്ക്ക്. കറുത്തു മെലിഞ്ഞ രൂപം. മുറുക്കുന്നുണ്ടെന്നു ദൂരെ നിന്നുകൊണ്ടുതന്നെയറിയാം.

അവരുമായി എന്തോ സംസാരിച്ച ശേഷം സുമ മടങ്ങിവന്നു. ഗായത്രിയെ അറിയുന്നവരാരെങ്കിലുമായിരിയ്ക്കുമെന്നു കരുതിയാണു സുമ ഓടിച്ചെന്നത്. രോഗിയായ ഭർത്താവിനു കഞ്ഞി വാങ്ങാൻ വേണ്ടി പുറത്തിറങ്ങിയതായിരുന്നു ആ സ്ത്രീ. അവർക്കു ഗായത്രിയെ അറിയാമായിരുന്നില്ല. ആശുപത്രിയിൽ പ്രവേശിപ്പിയ്ക്കപ്പെട്ടിട്ടുള്ള മറ്റു ചില തമിഴരെ അവർക്കറിയാം. ഭർത്താവിനു കഞ്ഞി കൊടുത്ത ശേഷം, ഒരന്വേഷണം നടത്തിയിട്ടു വരാമെന്നു പറഞ്ഞാണവർ വാർഡുകളുടെ ഭാഗത്തേയ്ക്കു പോയത്.

കുറേ സമയം ഞങ്ങൾ കാത്തിരുന്നു. അതിനിടയിൽ 'വെറുതേ ഇവിടിങ്ങനെയിരുന്നിട്ടു കാര്യമില്ല. നമുക്കു മടങ്ങിപ്പോകാം' എന്നു ഞാൻ സുമയോടു പല തവണ പറഞ്ഞു. 'ആ തമിഴത്തി നമ്മുടെ കാര്യം മറന്നുപോയിട്ടുണ്ടാകും. സ്വന്തം കാര്യങ്ങൾക്കു വേണ്ടി പരക്കം പാഞ്ഞു നടക്കുന്നതിനിടയിൽ അന്യരുടെ കാര്യം ഓർക്കാൻ അവർക്കെവിടെ സമയം!'

അവർ മടങ്ങിവന്നില്ലെങ്കിൽ അത്രയും നല്ലത്. സ്റ്റെപ്പപ്പിനെ രക്ഷപ്പെടുത്തിക്കൊണ്ടു പോകാമല്ലോ. അതായിരുന്നു, വാസ്തവത്തിലെന്റെ ചിന്ത.

മടങ്ങിപ്പോകാൻ സുമ സമ്മതിച്ചില്ല. അവൾ അവിടെത്തന്നെ ഉറച്ചു നിന്നു. 'ആരെങ്കിലും വരും. വരാതിരിയ്ക്കില്ല.'

അവളുടെ വിശ്വാസം ശരിയായി. ആ സ്ത്രീ തിരികെ വന്നു. "ആളെ പാത്താച്ച്" മുറുക്കിച്ചുവന്ന പല്ലുകൾ കാണിച്ചവർ ചിരിച്ചു. സുമയുടെ 'ആൾക്കെങ്ങനെയുണ്ട്' എന്ന ചോദ്യത്തിന് അവർ നൽകിയ ഉത്തരം "പറവായില്ലെ" എന്നായിരുന്നു. സാരമില്ലെന്ന്! ആ ഉത്തരം കേട്ടു ഞാൻ തളർന്നു: നാലായിരം രൂപ വെള്ളത്തിൽ!

വഴി കാണിച്ചുകൊണ്ട് തമിഴത്തി മുന്നിൽ നടന്നു. പിന്നിൽ, ഉത്സാഹത്തോടെ സുമയും, തളർച്ചയോടെ ഞാനും. ബിഗ്ഷോപ്പറിനു പെട്ടെന്നു ഭാരം കൂടിയതായിത്തോന്നി.

പല വാർഡുകളുടേയും മുന്നിലൂടെ ഞങ്ങൾ കുറേയേറെ നടന്ന് ഒരു വാർഡിലെത്തി. തലയിൽ കെട്ടുള്ള വനിതകളായിരുന്നു ആ വാർഡിൽ മുഴുവൻ. നിരത്തിയിട്ടിരിയ്ക്കുന്ന കട്ടിലുകളിൽ ഒന്നിന്റെയടുത്തേയ്ക്ക് വഴികാട്ടി ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി.

രോഗിണി ഉറക്കത്തിലായിരുന്നു. തലയിലെ വലിയ കെട്ട് വലതു കണ്ണ് ഏകദേശം മറയ്ക്കുന്ന തരത്തിലുള്ളതായിരുന്നു. വലതു കൈ പ്ലാസ്റ്ററിൽ.

എനിയ്ക്ക് ആളെത്തിരിച്ചറിയാൻ കഴിഞ്ഞില്ല. ഇതു ഗായത്രി തന്നെയോ?

എന്നാൽ, ആളെ തിരിച്ചറിയാൻ സുമയ്ക്കു തീരെ ബുദ്ധിമുട്ടുണ്ടായില്ല. അവൾ കട്ടിലിനടുത്തേയ്ക്കു ചെന്ന്, രോഗിണിയുടെ ഇടതുകൈയിൽ സ്പർശിച്ചുകൊണ്ടു മെല്ലെ വിളിച്ചു, "ഗായത്രീ".

രോഗിണി കണ്ണു തുറന്നു.

സുമയെ രോഗിണി തിരിച്ചറിഞ്ഞു; തളർന്ന സ്വരത്തിൽ വിളിച്ചു, "ചേച്ചീ". വരണ്ട ചുണ്ടുകൾ അല്പമൊന്നു വിടർന്നു. "ചേച്ചി ഇങ്കെ...എതുക്ക്?"

"അവങ്ക ഉന്നൈ പാക്കറുതുക്ക താൻ വന്തിര്ക്ക്." ഞങ്ങളുടെ വഴികാട്ടി ഗായത്രിയ്ക്കു വിശദീകരിച്ചുകൊടുത്തു.

"എങ്ങനേണ്ട്?" സുമ ഉത്കണ്ഠയോടെ ഗായത്രിയോടാരാഞ്ഞു.

"പറവായില്ലെ, ചേച്ചീ." അവൾ നിറുത്തിനിറുത്തിപ്പറഞ്ഞു. "പത്തു നാള്ക്കപ്പുറം പോലാം. ഡോക്ടർ ശൊന്നാച്ച്." തളർച്ചയോടെയാണെങ്കിലും, തമിഴത്തിയ്ക്കു പറയാനാകുന്നുണ്ട്.

"കണ്ണിനു കൊഴപ്പോന്നുല്ലല്ലോ?"

"ഇല്ല, ചേച്ചീ. കണ്ണുക്ക് കൊളപ്പമില്ല."

“വേദനേണ്ടോ?”

“പറവായില്ലൈ, ചേച്ചീ.”

സുമ എന്റെ നേരേ തിരിഞ്ഞ് ശിരസ്സു ചലിപ്പിച്ചു; ‘അതു കൊടുക്ക്’ എന്നായിരിയ്ക്കണം.

ഞാൻ ബിഗ്ഷോപ്പർ തുറന്ന്, കെട്ടുകളഴിച്ച്, പത്രക്കടലാസുകൊണ്ടുള്ള പൊതികൾ നീക്കി, സ്റ്റെപ്പപ്പ് പുറത്തെടുത്തു. ഹൊ, എന്തൊരു ഭാരം! ഞാൻ പ്രയാസപ്പെട്ട്, സ്റ്റെപ്പപ്പുയർത്തിക്കാണിച്ചു.

സ്റ്റെപ്പപ്പിലേയ്ക്കു ചൂണ്ടിക്കൊണ്ടു സുമ ഗായത്രിയോടു പറഞ്ഞു. “നിനക്കു സാറിന്റെ സമ്മാനം.”

എന്റെ കൈ പെട്ടെന്നു കഴച്ചു. ഞാൻ കുനിഞ്ഞ്, സ്റ്റെപ്പപ്പ് കട്ടിലിനടിയിലേയ്ക്കു തള്ളി വച്ചു. അതു തട്ടി ഗായത്രിയോ മറ്റാരെങ്കിലുമോ വീഴാനിട വരരുത്.

ഞാൻ നിവർന്നപ്പോൾ തമിഴത്തിയുടെ കണ്ണു നിറഞ്ഞൊഴുകുന്നു. ഒടിയാത്ത കൈ നീട്ടി അവൾ സുമയുടെ കൈ പിടിച്ചു. കനത്ത ബാന്റേജു ചുറ്റിയിരിയ്ക്കുന്ന ശിരസ്സു പ്രയാസപ്പെട്ടുയർത്തി തമിഴത്തി ഗദ്ഗദത്തോടെ പറഞ്ഞു:

“നൻട്രി ചേച്ചീ, നൻട്രി സാർ, റൊമ്പ നൻട്രി...”

സുമ സാരിത്തുമ്പുകൊണ്ടു ഗായത്രിയുടെ കണ്ണുനീരു തുടച്ചു മാറ്റി. “ഒക്കെ സുഖായി, വേഗം മടങ്ങി വരാറാകട്ടെ.”

അത്ഭുതം! വാർഡിൽ നിന്നു മടങ്ങുമ്പോൾ അവിടെയുപേക്ഷിച്ച നാലായിരം രൂപയുടെ കാര്യം എന്നെ വല്ലതായി അലട്ടിയിരുന്നില്ല.

(ഇക്കഥ തികച്ചും സാങ്കല്പികമാണ്.)
sunilmssunilms@rediffmail.com

